ARTICLE IN THE "MALABAR MAIL" DATED 14—2—1121

279. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടു് ദയവായി മറുപടി പറയുമോ.—

(എ) ഫ ഫ ഫ കന്നി ഫർ-ാംറ-യിലെ മലബാർമെയിലിൽ "ബസാർ അഞ്ചലാപ്പീസ്സ്" എന്നപേരിലുള്ള ലേഖനം ബഹുമാനപ്പെട്ട ഗവമ്മെണ്ടിന്റെ ശ്രദ്ധക്ക വിഷയീഭവിച്ചിട്ടുണ്ടോ;

(ബി) അതിൽ പറയുന്ന വസ്തുതകൾ പരമാർത്ഥങ്ങളാണോ;

(സി) അതെ, എന്നാണു് ബി. ഉപചോദ്യത്തിനു് സമാധാനമെങ്കിൽ ആ ആപ്പീസ്സിൽ കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനു് ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ:

(എ) ഉണ്ടു്.

(ബി) ബസാർ അഞ്ചലാപ്പീസ്സിൽ പണി ഇപ്പോൾ കുറച്ചുകൂടിയിട്ടുണ്ടെന്ന സംഗതി വാസ്തവമാണു്.

(സി) ഈ ആപ്പീസ്സിൽ പുതിയതായി ഒരു ക്ലാർക്കിനെകൂടി നിയമിക്കുവാൻ ഗവമ്മെണ്ടു് ഉത്തരവാക്കിയിട്ടുണ്ടു്.

SOLDIERS IN RECEIPT OF MILITARY MEDALS—CONCESSIONS FROM STATE

280. മിസ്റ്റർ കെ. ഐ. വേലായുധൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) മിലിറ്ററി മെഡലിനു അർഹരായ പട്ടാളക്കാർക്ക കൊച്ചി ഗവമ്മെണ്ടു് നൽകുന്ന സൌജന്യങ്ങൾ എന്തെല്ലാം;

(ബി) ബ്രിട്ടീഷിൽ ഇങ്ങനെയുള്ള പട്ടാളക്കാർക്ക കൊടുക്കുന്ന സൌജന്യങ്ങൾ എന്തെല്ലാം;

(സി) കൊച്ചിൻ സ്റ്റേറ്റിൽ എത്രപേർ മിലിറ്ററി മെഡലിനു അർഹരായിട്ടുണ്ടു്;

(ഡി) അവരുടെ ജാതി തിരിച്ചുള്ള പേരുവിവരം പറയാമോ?

റാവു സാഹിബു് എ മാധവപ്രഭു:

(എ) ക. രണ്ടര ഏക്കറിൽ കവിയാതെയുള്ള നിലമൊ അല്ലെങ്കിൽ ഖ. അഞ്ചു ഏക്കറിൽ കവിയാതെ പറമ്പൊ മേൽപറഞ്ഞ ആകെ വിസ്തീർണ്ണത്തിൽ കവിയാതെ പറമ്പും നിലവും കൂടി (ആഴമില്ലാത്ത കായലോരങ്ങളും ഈ ഇനത്തിൽ ഏപ്പെടുത്താം) അല്ലെങ്കിൽ ന. ആയിരം ഉറുപ്പികയോ സമ്മാനം കൊടുക്കാം. മേൽപറഞ്ഞതിൽ ഏതാനും ഭൂമിയായും ഏതാനും പണമായും കൊടുക്കാം. ഭൂമി നന്നാക്കുക, ചിറ കെട്ടുക, നികത്തുക, വൃക്ഷങ്ങൾ വെട്ടി നീക്കുക, കാടു വെട്ടി തെളിയിക്കുക മുതലായതിനു മൊത്തമായി ചിലവു വേണ്ടിവരുന്നതായാൽ ഏതാനും പണമായ്ട്ടും ഏതാനും ഭൂമിയായിട്ടും കൊടുക്കാം. പക്ഷെ ആകെ സമ്മാനം ഓരോന്നും വെവ്വേറെയായി കൊടുക്കുമ്പോഴത്തേക്കാളും അധികരിപ്പാൻ പാടുള്ളതല്ല. ഇങ്ങിനെയുള്ളപ്പോഴും ഭൂമി എത്രത്തോളമുണ്ടെന്നു നോക്കിയും വ്യക്തിയുടെ ആഗ്രഹം പ്രമാണിച്ചും ആയിരിക്കും ഭൂമിയുടെ വിസ്തീർണ്ണവും ധനത്തിന്റെ തുകയും തിട്ടപ്പെടുത്തുക.

(ബി) ഓരോ സംസ്ഥാനത്തും ഓരോ തരത്തിലാണു"— മുഴുവനും ഇവിടെ നിശ്ചയമില്ല.

(സി) ഇപ്പോഴത്തെ അറിവിൽ ഒരാൾ.

(ഡി) ജാതി ഈഴവൻ—പേരു പറയുന്നില്ല.

STAMP VENDORS—COMMISSION OF

281. മിസ്റ്റർ. പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ഇപ്പോൾ സ്റ്റേറ്റിലെ സ്റ്റാമ്പുവെണ്ടർമാർക്ക കൊടുത്തുവരുന്ന കമ്മീഷൻ എത്ര;

(ബി) അവർ ഗവമ്മെണ്ടിലേക്ക അടക്കേണ്ട ജാമ്യസംഖ്യ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്റ്റാമ്പുവില്പനയിൽ അവർ അനുഷ്ഠിക്കേണ്ട പ്രധാനവ്യവസ്ഥകൾ എന്തെല്ലാം?

റാവുസാഹിബ് എ. മാധവപ്രഭു:

(എ) (ക) അമ്പതു് ഉറുപ്പികവരെയുള്ള കോട്ട്ഫീ സ്റ്റാമ്പുകളും കടലാസ്സുകളും ക ാ ാ കു.ക്കു് ക്രമ.

(ഖ) ഒരണ രശീതിസ്റ്റാമ്പുകൾ ക ാ ാ കു.ക്കു് ഖ ½ ക.

(ഗ) അഞ്ചുറുപ്പികയും അതിനു താഴെയും വിലയുള്ള മുദ്രപത്രങ്ങൾ ക ാ ാ കു.ക്കു് ങ്ക.

(ഘ) ആറുറുപ്പിക മുതൽ മുപ്പത്തിഅഞ്ചുറുപ്പികവരെ വിലയുള്ള മുദ്രപത്രങ്ങൾ ക ാ ാ കു.ക്കു് ഞ്ക.

(ങ) ഹുണ്ടി, നൊട്ടേറിയൻ ഫോറിൻബിൽ സ്റ്റാമ്പുകളും കടലാസ്സുകളും കാാകു.ക്കു് ങ്ക.

(ബി) ജാമ്യസംഖ്യ അടക്കേണ്ട ആവശ്യമില്ല.

(സി) (ക) അവ്യ്ക്ക വില്ക്കുവാൻ അധികാരം നൽകപ്പെട്ടിട്ടുള്ള എല്ലാത്തരം മുദ്രക്ക ടലാസ്സുകളും സ്റ്റാമ്പുകളും വാങ്ങിച്ചു ദിവാൻപേഷ്കാർ നിശ്ചയിക്കുന്ന സ്ഥലത്തു വെച്ചു ഞാ യറാഴ്ചകളും മറ്റു പൊതുമുടക്കമുള്ള ദിവസങ്ങളും ഒഴിച്ചു ബാക്കി എല്ലാ ദിവസങ്ങളിലും കാല ത്തു ക ാ മണിമുതൽ വൈകുന്നേരം അഞ്ചു മണിവരെ പൊതുജനങ്ങൾക്കു യാതൊരുപ്രകാ രത്തിലുള്ള കഷ്ടപ്പാടുകൾക്കും അവസരം കൊടുക്കാതെ വില്പന നടത്തേണ്ടതാകുന്നു.

(ഖ) ദിവാൻപേഷ്കാർ നിശ്ചയിക്കുന്നേടത്തോളം സംഖ്യക്കുള്ള സ്റ്റാമ്പുകളും കടലാ സ്സുകളും എല്ലാ സമയത്തും സ്റ്റോക്ക് വെക്കേണ്ടതാകുന്നു.

(ഗ) ഗവമ്മെണ്ടിൽനിന്നു നിശ്ചയിക്കപ്പെട്ടിട്ടുള്ള എല്ലാത്തരം രജിസ്റ്ററുകളും വേ റെതരത്തിൽ സൂക്ഷിക്കേണ്ടതും മാസാന്തകണക്കുകളും മറ്റും അയക്കേണ്ടതുമാകുന്നു.

(ഘ) ഗവമ്മെണ്ടോ ദിവാൻപേഷ്കാരോ അധികാരപ്പെടുത്തുന്ന എതു ഉദ്യോഗസ്ഥ നേയും സ്റ്റോക്കും രജിസ്റ്റുകളും പരിശോധനക്കായി കാണിച്ചുകൊടുക്കേണ്ടതാകുന്നു.

(ങ) ആധാരങ്ങൾക്കു വേണ്ടതായ സല ചേപ്പാൻ എണ്ണത്തിൽ ഏറ്റവും ചുരുങ്ങിയ മുദ്രപത്രങ്ങൾ മാത്രമേ അപേക്ഷകന്മാർക്കു കൊടുക്കുവാൻ പാടുള്ളൂ.

HILL PALACE AND UDAYAMPEROOR ROADS

282. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബ ഹുമാനപ്പെട്ട ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ഗവമ്മെണ്ടു് എറണാകുളം—ഹിൽപാലസ് റോഡിന്നും, തൃപ്പൂണിത്തുറ—ഉദയം പേരൂർ റോഡിന്നും വരുത്തുവാൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തെല്ലാം;

(ബി) ഈ മാറ്റങ്ങളെ മുൻനിർത്തിയുള്ള പണികൾ എത്രത്തോളം ആയിട്ടുണ്ടു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ:

(എ) എറണാകുളം—ഹിൽപാലസ്സു് റോഡു് വീതിക്കൂട്ടുവാനും tar ഇടുവാനും ഉദ്ദേശി ക്കുന്നുണ്ടു്. പുതിയകാവിലേക്കു് ഒരു പുതിയ വഴി തുറക്കുവാനും ആലോചനയുണ്ടു്.

(ബി) ടി പണികൾക്കുള്ള എസ്റ്റിമേറ്റുകളും അകപയർ ചെയ്യുവാനുള്ള ട്രേപടങ്ങളും തയ്യാറാക്കി വരുന്നുണ്ടു്.

ELINJAPRA ROAD

283. മിസ്റ്റർ സി. എസ്സു്. പണിക്കർ: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹു മാനപ്പെട്ട ഗവർമ്മേണ്ടു സദയം മറുപടി പറയുമോ.—

(എ) പോട്ട—കാഞ്ഞിരപ്പിള്ളി റോഡിന്റെ ആരംഭസ്ഥലം മുതൽ എലിഞ്ഞപ്ര വ രെയുള്ള ഭാഗം വാഹനസഞ്ചാരത്തിനു വളരെ ബുദ്ധിമുട്ടുള്ളതാണെന്നു് ഗവർമ്മേണ്ടു് ധരിച്ചു ട്ടുണ്ടോ;

(ബി) ഈ റോഡിൽക്കൂടി നിരന്തരം ബസ്സുകളും, ലോറികളും കാളവണ്ടികളും ഓടു ന്നുണ്ടെന്നു് ഗവർമ്മേണ്ടിനു് അറിഞ്ഞുകൂടേ;

(സി) ഇതിൽ പലേഭാഗത്തും വണ്ടികൾ ഒഴിഞ്ഞുമാറുന്നതിനു് സ്ഥലസൌകര്യമി ല്ലെന്ന വസ്തുത ഗവർമ്മേണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly